"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ വെൽഡർ (ജനറൽ) ട്രേഡ് നിയമന യോഗ്യയായി പരിഗണിക്കുന്ന തസ്തികകളിലേയ്ക്ക് വെൽഡർ അഡ്വാൻസ്ഡ് ട്രേഡ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെക്കൂടി പരിഗണിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ.(സാധാ) നം.678/2022/LBR തീയതി,തിരുവനന്തപുരം, 16-06-2022

പരാമർശം:- 1. ശ്രീ.അനൂപ് കുമാർ.എ.ജെ, ശ്രീ.അനീഷ്.എച്ച് എന്നിവർ ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും മന്ത്രി മുൻപാകെ സമർപ്പിച്ച 17.01.2022-ലെ നിവേദനങ്ങൾ.

2. ട്രെയിനിംഗ് ഡയറക്ടറുടെ 12.04.2022-ലെ ഡിടി/323/2022-എഫ്1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വെൽഡർ അഡ്വാൻസ്ഡ് ട്രേഡുകളായ വെൽഡർ (വെൽഡിംഗ് ആന്റ് ഇൻസ്പെക്ഷൻ), വെൽഡർ (പൈപ്പ്), വെൽഡർ (ജി. ആന്റ് ജി) മുതലായവയ്ക്ക് മാതൃ ട്രേഡായ വെൽഡർ (ജനറൽ) ട്രേഡുമായി തുല്യത നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ.അനൂപ് കുമാർ.എ.ജെ, ശ്രീ.അനീഷ്.എച്ച് എന്നിവർ ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും മന്ത്രി മുൻപാകെ പരാമർശം 1 പ്രകാരം നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി.

2) ഐ.ടി.ഐ.യിൽ പരിശീലനം നടത്തിവരുന്ന വെൽഡർ (വെൽഡിംഗ് ആന്റ് ഇൻസ്പെക്ഷൻ), വെൽഡർ (പൈപ്പ്), വെൽഡർ (ജി. ആന്റ് ജി) മുതലായ ട്രേഡുകൾ മാതൃ ട്രേഡായ വെൽഡർ (ജനറൽ) ട്രേഡിന്റെ സിലബസുമായി താരതമ്യം ചെയ്ത ശേഷം വകുപ്പിലെ ടെക്നിക്കൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കാൽക്കുലേഷൻ, എഞ്ചിനീയറിംഗ് ഡ്രായിംഗ്, എംപ്ലോയബിലിറ്റി സ്കിൽ തുടങ്ങിയവ പൂർണ്ണമായും, തിയറി പാഠഭാഗങ്ങളും പ്രായോഗിക പരിശീലന പാഠഭാഗങ്ങളും ഭൂരിഭാഗവും സമാനമാണ് എന്നും ശേഷിച്ച സിലബസ് ഭാഗങ്ങൾ വെൽഡിംഗിന്റെ നൂതന പാഠഭാഗങ്ങളാണ് എന്നും മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ വെൽഡിംഗ് ട്രേഡുകളിലെയും 100% പ്രായോഗിക പരിശീലന ഭാഗങ്ങളും തിയറി പാഠഭാഗങ്ങളും വെൽഡിംഗുമായി ബന്ധപ്പെട്ടതാകുന്നു എന്നും പരാമർശം 2-ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. മിക്ക വകുപ്പുകളിലെയും സ്പെഷ്യൽ റൂളിൽ കാലാനുസൃത മാറ്റങ്ങൾ വരുത്തിയിട്ടില്ലാത്തതിനാൽ ടി വകുപ്പുകളിലെ സ്പെഷ്യൽ റൂളിൽ വെൽഡർ ട്രേഡ് ആണ് യോഗ്യതയായി കാണുന്നത് എന്നും വെൽഡർ അഡ്വാൻസ്ഡ് ട്രേഡ് പഠിച്ച കുട്ടികൾക്ക് ജോലി ലഭിക്കാതെ വരും എന്നതിനാൽ വെൽഡർ അഡ്വാൻസ്ഡ് ട്രേഡുകളിൽ ട്രെയിനിംഗ് ലഭിച്ച പാസ്സായ കുട്ടികളെയും കൂടി സർക്കാർ, പൊതുമേഖലാ

സ.ഉ.(സാധാ) നം.678/2022/LBR

സ്ഥാപനങ്ങളിൽ വെൽഡിംഗ് ജോബ് റോളായുള്ള തസ്തികകളിലേയ്ക്ക് പരിഗണിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ, വെൽഡർ (ജനറൽ) ട്രേഡ് നിയമന യോഗ്യതയായി പരിഗണിക്കുന്ന തസ്തികകളിലേയ്ക്ക് വെൽഡർ അഡ്വാൻസ്ഡ് ട്രേഡുകളായ വെൽഡർ (വെൽഡിംഗ് ആന്റ് ഇൻസ്പെക്ഷൻ), വെൽഡർ (പൈപ്പ്) വെൽഡർ (ജി ആന്റ് ജി) തുടങ്ങിയ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെക്കൂടി പരിഗണിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.